

20/12/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/12/2024

1. കരപ്പുറം വിഷൻ 2026 ന്റെ തുടർച്ചയായി ഈ വർഷം 2024 ഡിസംബർ 20 മുതൽ 29 വരെ 'കരപ്പുറം കാർഷിക കാഴ്ചകൾ - 2024' സെന്റ് മൈക്കിൾസ് കോളേജ്, ചേർത്തലയിൽ വച്ച് നടത്തപ്പെടുകയാണ്. കാർഷിക പ്രദർശനം, കാർഷിക സെമിനാർ, വികസന സെമിനാറുകൾ, കാർഷിക സംരംഭങ്ങൾക്കും കർഷക ഗ്രൂപ്പുകൾക്കും ആശയങ്ങൾ വിപുലീകരിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഹായകമാകുന്ന ഡി.പി.ആർ. ക്ലിനിക്, കർഷകർക്കും ഉപഭോക്താക്കൾക്കും മെച്ചപ്പെട്ട വിപണന സാധ്യതകൾ കണ്ടെത്തുവാൻ ഉതകുന്ന ബി ടു ബി മീറ്റ് തുടങ്ങിയവ കരപ്പുറം കാർഷിക കാഴ്ചകളുടെ പ്രത്യേകതകളാണ്. 2024 ഡിസംബർ 20 ന് വെള്ളിയാഴ്ച വർണ്ണാഭമായ കാർഷിക ഘോഷയാത്രയോടെ കരപ്പുറം കാർഷിക കാഴ്ചകൾക്ക് തുടക്കമാകുകയാണ്. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ കേരള സംസ്ഥാന സ്പീക്കർ എ.എൻ. ഷംസീർ കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടനം നിർവ്വഹിക്കും.

2. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി 2024 ഡിസംബർ 20, 21 തിയ്യതികളിൽ ഫാം ദിനം - കതിരൊളി - 2024 ആഘോഷിക്കുന്നു. നെല്ല്, പച്ചക്കറി മുതലായ വിളകളുടെ അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ, വിവിധ വിളകൾക്ക് അനുയോജ്യമായ പരിചരണ മുറകൾ, പരിചരണ മുറകൾക്ക് ആവശ്യമായ നൂതന കാർഷിക യന്ത്രങ്ങൾ മുതലായ സാങ്കേതിക വിദ്യകളുടെ വികസനവും പ്രചരണവും, വിളകളുടെ അത്യുല്പാദനശേഷിയുള്ള ഇനങ്ങളുടെ വിത്തുകൾ, നടീൽ വസ്തുക്കൾ എന്നിവയുടെ ഉൽപാദനവും വിതരണവും പ്രഥമ കർത്തവ്യങ്ങളായി പ്രവർത്തിക്കുന്ന ഈ കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ പ്രധാന ഗവേഷണ കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഫാം ദിനാഘോഷം - കതിരൊളി - 2024 ഡിസംബർ 21-ാം തിയ്യതി 2.30 ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യുന്നു. റവന്യൂ - ഭവന നിർമ്മാണ വകുപ്പ് മായി അഡ്വ കെ. രാജൻ യോഗത്തിന് അദ്ധ്യക്ഷത വഹിക്കുന്നു കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് ഐ.എ.എസ്. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുന്നു. ഇതോടനബന്ധിച്ച് വിവിധ കാർഷിക സെമിനാർ, പ്രദർശനം എന്നിവ നടത്തുന്നു.

3. രാജ്യത്തെ ഏറ്റവും വലിയ ഗ്ലോബൽ ലൈവ്സ്റ്റോക്ക് എക്സിബിഷൻ ഇന്നു മുതൽ (2024 ഡിസംബർ 20) 29 വരെ വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ വച്ച് സംഘടിപ്പിക്കുന്നു. കന്നുകാലി-ക്ഷീര കാർഷിക, ഓമന, മറ്റു മൃഗ പരിപാലന മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൊണ്ട് യുവജനതയെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നൂതന മൃഗ സംരക്ഷണ പരിപാലന രീതികൾ സാധ്യമാക്കുക തുടങ്ങിയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ക്ഷീര- കന്നുകാലി, വളർത്തുമൃഗ മേഖലയുടെ സമഗ്ര വികസനവും ഉൽപാദനക്ഷമതയും ലക്ഷ്യമിട്ട് രാജ്യത്ത ഏറ്റവും വലിയ കോൺക്ലേവാണ് പൂക്കോട് വെറ്ററിനറി കോളേജിൽ സംഘടിപ്പിക്കുന്നത്. മൂല്യ വർധിത ഉൽപ്പന്നങ്ങളെ കുറിച്ചും വളർത്തു മൃഗങ്ങൾ, പൗൾട്രി, ഡയറി- അക്വാഫാമിംഗ് എന്നീ വിഭാഗങ്ങളിലെ ഏറ്റവും പുതിയ അറിവുകൾ, മാറിവരുന്ന സാങ്കേതികവിദ്യകൾ എന്നിവയെക്കുറിച്ച് മനസിലാക്കാനുള്ള ഒരു മികച്ച വേദിയാകും കോൺക്ലെവ്. ഇതിന്റെ ഭാഗമായി 2 ലക്ഷം ചതുരശ്രയടി വിസ്ത ീർണത്തിൽ വളർത്തുമൃഗങ്ങൾ, കന്നുകാലികൾ, ഡയറി ഫാമിംഗ്, അക്വാഫാമിംഗ്, പൗൾട്രി എന്നിവയുടെ സ്റ്റാളുകളും വിവിധ എക്സ്പോകളും ഒരുക്കും. മൃഗസംരക്ഷണത്തെക്കുറിച്ചും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണന സാധ്യതകളെക്കുറിച്ചും വിദഗ്ധർ നയിക്കുന്ന സെമിനാറുകൾ, ശിൽപശാലകൾ എന്നിവയും കോൺക്ലേവിൽ നടക്കും.

4. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ചുങ്കത്തറ ജില്ലാ കൃഷി ഫാമിൽ ജനുവരി രണ്ട് മുതൽ ആറ് വരെ അന്താരാഷ്ട്ര കാർഷിക പ്രദർശന വിപണന മേള നിറപൊലി അഗ്രി എക്സ്പോ നടത്തുന്നു. സംസ്ഥാന കാർഷിക വികസന- കർഷക കേ വകുപ്പിൻ്റെ സ്ഥാപനങ്ങളുടെ സ്റ്റാളുകൾക്ക് പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രാജ്യത്തെ വിവിധ സ്ഥാപനങ്ങളുടെ നൂറോളം സ്റ്റാളുകൾ മേളയിൽ ഉണ്ടാവും. വിവിധങ്ങളായ നടീൽ വസ്തുക്കൾ, മൂല്യവർധിതകാർഷികോൽപന്നങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപ്പനയും മേളയിലുണ്ടാവും. ആധുനിക കാർഷിക യന്ത്രസാമഗ്രികളുടെ പ്രദർശനം, വിദ്യാർഥികൾക്കായി വിവിധ മൽസരങ്ങൾ, കുട്ടികൾക്കുള്ള പിക്നിക് പാർക്ക് ഫുഡ് കോർട്ട് തുടങ്ങിയവയും സജ്ജീകരിക്കും. മേളയോടനുബന്ധിച്ച് വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും സംഘടിപ്പിക്കുന്നു.

5. തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിൻ്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2024 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം